Mathrubhumi 06-09-18, P-S 2

# പ്രളയത്തിൽ പൊലിഞ്ഞ വിരിപ്പുവസന്തം

നടത്തറ പഞ്ചായത്തിലെ മൂർക്കനിക്കര പാടശേഖരത്തെ പ്രളയം കവർന്നപ്പോൾ മുപ്പതോളം കർഷകരുടെ പ്രയത്നവും സ്വപ്നങ്ങളുമാണ് പാടേ ഒലിച്ചുപോയത്. മുളയം-കൊഴുക്കുള്ളി പ്രദേശങ്ങളിലായി വ്യാപിച്ചുകിടക്കുന്ന അറുപതേക്കറോളം സ്ഥലത്തെ നാൽപ്പതേക്കറിലാണ് വിരിപ്പുകൃഷിയിറക്കിയത്. കാർഷികസർവകലാശാലയിൽനിന്ന് മികച്ചയിനമായ മണിരത്നം വിത്താണ് വിതച്ചത്. നൂറുദിവസംകൊണ്ട് വിളവെടുക്കാവുന്ന ഇനമാണിത്. ഞാറുനടീൽ കഴിഞ്ഞ് രണ്ടു മാസമെത്തിയപ്പോഴാണ് പ്രളയത്തിൽ മണലിപ്പുഴ കരകവിഞ്ഞൊഴുകി മൂർക്കനിക്കര പാടശേഖരത്തെ മുക്കിയത്.

ചെടികളിൽ കതിരിടുന്ന സമയത്താണ് മുഴുവൻ കൃഷിയിടവും വെള്ളത്തിനടിയിലായത്. ഒരാഴ്ചത്തേക്ക് അവിടേക്ക് എത്താൻപോലും കഴിയുമായിരുന്നില്ല. ഒരുവിധം വെള്ളമിറങ്ങി പാടശേഖരത്തിലെത്തിയപ്പോൾ കണ്ട കാഴ്ച കർഷകരുടെ മനം തകർത്തു. ഉള്ളതൊക്കെ സ്വരുക്കൂട്ടി മണ്ണിലിറക്കിയ മോഹങ്ങൾ മുഴുവനും വെള്ളപ്പാച്ചിലിൽ ഒഴുകിപ്പോയ അവസ്ഥ. കൃഷി മുഴുവനും നശിച്ചു. ചെളിയും ചണ്ടിയും നിറഞ്ഞ് ചീഞ്ഞ ഗന്ധം. സ്വന്തം സ്ഥലത്തും പാട്ടത്തിനെടുത്തും കൃഷിചെയ്യുവരും ഇവരിലുണ്ട്. ഏകദേശം മുപ്പതുലക്ഷം രൂപയുടെ നഷ്ടമുണ്ടായതായി പാടശേഖര സമിതി പ്രസിഡൻറ് എം.ബി. സുനിൽ പറയുന്നു. ഒരുമാസവും കഴിഞ്ഞാൽ ഇത് കൊയ്ത്തിനു പാകമാകേണ്ടതാണ്. ഏകദേശം 80 ടൺ നെല്ലാണ് ഈ സീസണിൽ ഇവരിൽനിന്ന് സപ്ലൈകോ വാങ്ങിയിരുന്നത്. ഒരുലോഡുതന്നെ പത്തു ടൺ വരും.

ഇവിടെ മുണ്ടകൻ കൃഷിയിറക്കാനുള്ള ശ്രമങ്ങൾ ഇവർ തുടങ്ങിക്കഴിഞ്ഞു. വെള്ളത്തിൽ വാടിക്കരിഞ്ഞ സ്വപ്നങ്ങൾക്കുമേൽ പുത്തൻ പ്രതീക്ഷകളുമായി വീണ്ടും ഒരു ഉഴുതുമറിക്കൽ.



പ്രളയത്തിൽ വിരിപ്പുകൃഷി നശിച്ച മൂർക്കനിക്കര പാടശേഖരത്തിൽ മുണ്ടകൻകൃഷിയിറക്കാൻ പാടശേഖരമൊരുക്കുന്നു